29

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 NOVEMBER 2022








## വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിച്ച്

# കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ്

സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിച്ചു. വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് സർക്കാർ ഏറ്റെടുത്ത് പുനസംഘടിപ്പിച്ചാണ് കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡിന് രൂപം നൽകിയത്. അടച്ചു പൂട്ടലിന്റെ വക്കിലെത്തി, ഇനി ഒരു തിരിച്ചു വരവ് ഉണ്ടാവില്ല എന്ന് തോന്നിപ്പിച്ച സ്ഥാപനത്തിന്റെ പുനഃരുജ്ജീവനം സംസ്ഥാന സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും നിശ്ചയദാർഢ്യത്തിന്റെ ഫലമാണ്.

കേന്ദ്ര സർക്കാരിൽ നിന്ന് ഏറ്റെടുത്ത് റെക്കോഡ് വേഗതയിലാണ് കേരളത്തിന്റെ സ്വന്തം പേപ്പർ കമ്പനിയുടെ പുനഃരുദ്ധാരണപ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. 2022 ജനുവരി 1ന് പുനഃരുദ്ധാരണ പ്രക്രിയ ആരംഭിച്ച് അഞ്ച് മാസം കൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കാനും 2022 മെയ് 19ന് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കാനും സാധിച്ചിരുന്നു.

നാലുഘട്ടങ്ങളിലായി വിഭാവനം ചെയ്തിട്ടുള്ള പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ എത്തുമ്പോൾ പേപ്പർ വ്യവസായത്തിലെ മറ്റേതൊരു സ്ഥാപനത്തോടും കിടപിടിക്കുന്ന വിധത്തിൽ ലാഭകരമായ സ്ഥാപനമാക്കി കെ.പി.പി. എല്ലിനെ മാറ്റുന്നതിനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത് പാക്കേജിംഗ്, പേപ്പർ ബോർഡ് വ്യവസായങ്ങൾ ലോകത്താകെ വളർച്ച നേടുന്ന കാലഘട്ടമാണിത്. ഇ കോമേഴ്സ്, റീട്ടെയ്ൽ, എഫ്.എം.സി. ജി, ഫാർമസ്യൂട്ടിക്കൽസ്, ഫുഡ് ആന്റ് ബിവറേജ് തുടങ്ങിയ മേഖലകളുടെ വളർച്ച പേപ്പർ വ്യവസായത്തിന് മുതൽക്കൂട്ടാണ്. പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഒറ്റത്തവണ ഉപയോഗം നിയന്ത്രിക്കപ്പെടുന്ന സാഹചര്യത്തിൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിന്റെയും ശേഷി വർധനവിന്റെയും അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്താനാണ് കെ.പി.പി. എൽ ശ്രമിക്കുന്നത്.

നാല് ഘട്ടങ്ങളായാണ് കെ.പി.പി.എല്ലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ അഞ്ചു മാസം കൊണ്ട് മൂന്ന് പ്ലാന്റുകളിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി (പേപ്പർ മെഷീൻ, റീ സൈക്കിൾഡ് പൾപ്പിങ്ങ് പ്ലാന്റ്, ബോയിലറും അനുബന്ധ മെഷിനറികളും). ഒന്നാംഘട്ട ഫാക്ടറി നവീകരണത്തിനു മാത്രമായി 34.3 കോടി രൂപയാണ് വകയിരുത്തിയത്. രണ്ടാംഘട്ടത്തിൽ 44.94 കോടി രൂപ മുതൽ മുടക്കി കെമിക്കൽ മെക്കാനിക്കൽ പ്ലാന്റുകളുടെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തിയാക്കി. രണ്ടാം ഘട്ടം പൂർത്തിയായതോടെ കമ്പനിയുടെ നിലവിലുള്ള ഉത്പാദന ശേഷി മുഴുവൻ ഉപയോഗിക്കാവുന്ന സ്ഥിതിയിലേക്ക് ഉയർന്നിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചതിനുശേഷം ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും പിന്തുണയോടെയാണ് മൂന്നും നാലും ഘട്ടങ്ങൾക്കുള്ള തുക സമാഹരിക്കുക. 27 മാസം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന മൂന്നാം ഘട്ടത്തിനായി 650 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഉയർന്ന ഗുണമേന്മയുള്ള പാക്കേജിങ്ങ് ബോർഡുകളാണ് ഈ ഘട്ടത്തിൽ ഉൽപാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്. നാലാം ഘട്ടം 17 മാസം കൊണ്ട് പൂർത്തിയാക്കി പാക്കേജിങ്ങ് ഗ്രേഡ് പേപ്പർ ഉൽപാദനം ആരംഭിക്കുന്നതിനായാണ് ലക്ഷ്യമിടുന്നത്. 350 കോടി രൂപയാണ് ഈ ഘട്ടത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്.

ഉൽപാദനത്തിൽ തടസ്സങ്ങളില്ലാതെ മത്സരക്ഷമവും ലാഭകരമായ പൊതുമേഖല സ്ഥാപനമാക്കി കെ.പി.പി.എല്ലിനെ ഉയർത്താനാണ് വ്യവസായ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്.

# പി.എം എഫ്.എം.ഇ സംസ്ഥാനതല ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു





പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതിയുടെ (പി.എം. എഫ്.എം.ഇ.) സംസ്ഥാനതല ഓറിയന്റേഷൻ പ്രോഗ്രാം തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. പിഎം എഫ്എംഇ സ്റ്റേറ്റ് നോഡൽ ഡിപ്പാർട്ട്മെന്റിന് (ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സ്) വേണ്ടി ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സും സ്റ്റേറ്റ് നോഡൽ ഏജൻസിയും (കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ) സംയുക്തമായാണ് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചത്. പി.എം എഫ്.എം.ഇ പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും പദ്ധതിയുടെ വിശകലന വിലയിരുത്തലുകൾക്കുമായാണ് ജില്ലാ നോഡൽ ഓഫീസർമാർക്കും (ഡിഎൻഒ) ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുമായി(ഡിആർപി) പ്രോഗ്രാം സംഘടിപ്പിച്ചത്.

2022 നവംബർ 3ന്, തിരുവനന്തപുരം ഹോട്ടൽ റെസിഡൻസി ടവറിൽ നടന്ന ചടങ്ങിൽ വ്യവസായ വാണിജ്യ ഡയറക്ടറും പി.എം എഫ്.എം.ഇ കേരള നോഡൽ ഓഫീസറുമായ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി. പി.എം എഫ്.എം.ഇ പദ്ധതിയുടെ വിവിധ ജില്ലകളിലെ പ്രകടന വിശകലനവും, തുടർന്ന് കൈക്കൊള്ളേണ്ട നടപടിക്രമങ്ങളും, വിശദമായ ചർച്ചയും ഡയറക്ടറുടെ നേതൃത്വത്തിൽ നടന്നു. വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. സുധീർ കെ പദ്ധതി നിർവഹണത്തിൽ പ്രായോഗിക തലത്തിൽ കൈക്കൊള്ളാവുന്ന നടപടികളെക്കുറിച്ച് ചർച്ച ചെയ്തു. സംസ്ഥാന തലത്തിൽ പിഎം എഫ്എംഇ സ്കീം നടപ്പിലാക്കുന്നതിന്റെ സ്ഥിതി വിവര കണക്കുകൾ സ്റ്റേറ്റ് നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) ചീഫ് എക്സിക്യുട്ടീവ് ഓഫിസർ ശ്രീ. സൂരജ് എസ്. വിശദീകരിച്ചു. പി.എം എഫ്.എം.ഇ പദ്ധതിയുടെ പ്രായോഗികതലങ്ങളിലെ വിശദമായ ബോധവത്കരണവും സംശയ നിവാരണവും കെബിപ്പ് ഡെപ്യൂട്ടി മാനേജർ കുമാരി. ജീഷ്മ ജീവൻ നിർവഹിച്ചു. വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ജി.രാജീവ് സ്വാഗത പ്രസംഗം നിർവഹിച്ച ചടങ്ങിൽ വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. പി. എസ് സുരേഷ്കുമാർ നന്ദി അറിയിച്ചു.




## എടയാർ പൂവന്തുരുത്ത് എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വേഗത്തിലാക്കാൻ തീരുമാനം

കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ എം.എസ്.ഇ. സി.ഡി.പി സ്കീം പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വ്യവസായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ അവലോകന യോഗം ബഹു. പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം) ശ്രീ. സുമൻ ബില്ല ഐ.എ.എസിന്റെ അധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ പൂവൻതുരുത്തിലുള്ള ഇൻഡസ്ട്രിയൽ ഡെവലെപ്മെന്റ് പ്ലോട്ടിന്റെയും (ഐഡിപി), എറണാകുളം ജില്ലയിലെ എടയാറിലുള്ള ഇൻഡസ്ട്രിയൽ ഡെവലെപ്മെന്റ് ഏരിയ (ഐഡിഎ) യുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദമായ അവലോകനമാണ് നടന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബഹു. പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകി. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് രണ്ടു പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

2022 നവംബർ 7ന് തിരുവനന്തപുരത്തെ ഹോട്ടൽ റെസിഡൻസി ടവറിൽ സംഘടിപ്പിച്ച അവലോകന യോഗത്തിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ.എസ്. ഹരികിഷോർ ഐഎഎസ്, അഡീഷണൽ ഡയറക്ടർ ശ്രീ. കെ. സുധീർ, ജോയിന്റ് ഡയറക്ടർ ശ്രീമതി. സിമി സി.എസ്., കെബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്., തുടങ്ങിയവർ പങ്കെടുത്തു.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.